സെറിൽമെൻറ് കോളനികൾ ആക്കണമെന്ന ആവശ്യം

445. [559] ശ്രീ.ബന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ സെറിൽമെൻറ് കോളനികൾ ആക്കണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇത്തരം ഒരു നിവേദനം അടുത്ത സമയത്തൊന്നും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പീരുമേട് ഹരിജൻ ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

446. [560] ശ്രീ.കെ.കെ.തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

രേണാനുമതി ലഭിച്ച പീരുമേട് ഹരിജൻ ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

പീരുമേട് ഹരിജൻ ഹോസ്റ്റലിന് കെട്ടിട നിർമ്മാണത്തിന് 1982-ൽ അനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ആവശ്യത്തിനായി എടുത്ത സ്ഥലം ഹോസ്റ്റലിന് അനുയോജ്യമല്ല എന്ന് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടതിനാൽ പകരം അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ ഉടൻ കെട്ടിടം പണി ആരംഭിക്കുന്നതാണ്.

*Misappropriation of Funds*

447. [561] **Dr.A.Subba Rao** : Will the Chief Minister be pleased to state :

(a) whether there was any misappropriation of funds or irregularities in expenditure by the Chairman of the Kerala State Development Corporation for Christian converts from Sch.Caste and the Recommended Communities found out recently ;

(b) if so, what is the type of irregularities found out and the total amount of money involved ;

(c) what action has the Govt.taken on the matter ?

*Answer*

(a) Yes. Some financial irregularities have been noticed against the former Chairman Sri. Mary Bhavanam Yohannan.

(b) It was found that an amount of Rs.11300.90 was spent by him unauthorisedly towards T.A.Telephone charges etc. in violation of Govt.orders.

LIBRARY ARCHIVES Kerala Legislative Assembly